**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികളുടെ മികവിന് സമയബന്ധിത പുരസ്കാര വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പഠനത്തിലും കലാപ്രവർത്തനങ്ങളിലും മികവ് തെളിയിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ; | (എ) | പഠനത്തിൽ മികവ് തെളിയിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി മുഖേന ക്യാഷ് അവാർഡ്, ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കോളർഷിപ്പ് , കലാപ്രവർത്തനങ്ങളിൽ മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് സർഗോത്സവം പദ്ധതി എന്നിവയും വകുപ്പ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്വർണ്ണമെഡൽ പദ്ധതി നിലച്ചതായ ആക്ഷേപം പരിശോധിക്കുമോ; | (ബി) | പരിശോധിക്കുന്നതാണ് |
| (സി) | സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന കുട്ടികൾക്ക് നൽകിവരുന്ന പതിനായിരം രൂപയുടെ പ്രോത്സാഹന സമ്മാന വിതരണത്തിൽ കുടിശിക വരുത്തിയിട്ടുണ്ടോ; | (സി) | പരിശോധിക്കുന്നതാണ് |
| (ഡി) | സ്വർണ്ണമെഡലുകളും പ്രോത്സാഹന സമ്മാനത്തുകയും കുടിശിക സഹിതം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഡി) | പരിശോധിച്ച് നടപടി സ്വീകരിയ്ക്കുന്നതാണ് |

സെക്ഷൻ ഓഫീസർ